സ്വീകരിക്കുകയും ചെയ്യാം. അതുപോലെ തന്നെ അദ്ദേഹം ഇവിടെ പറഞ്ഞ പുല്ലമ്പാറ, വെമ്പായം ഈ രണ്ട് പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സോഴ്സും മറ്റ് കാര്യങ്ങളുമെല്ലാം കോമണാണ്. അവിടെയും കൂടി ഡിസ്ട്രിബ്യൂഷൻ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആവശ്യമാണെങ്കിൽ തീർച്ചയായിട്ടും കോൺഫറൻസ് വിളിക്കാം. ബോർഡിൽ വച്ച് ക്ലിയറൻസ് കിട്ടിക്കഴിഞ്ഞാൽ കോൺഫറൻസിന്റെ ആവശ്യമില്ല.

(2) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനം വണ്ടാനത്തേയ്ക്ക് മാറ്റുന്നതു സംബന്ധിച്ച്

ശ്രീ. ഡി. സുഗതൻ: സർ, ആലപ്പുഴ മെഡിക്കൽ കോളേജ് എന്റെ നിയോജക മണ്ഡലത്തിൽ അമ്പലപ്പുഴയിലെ വണ്ടാനത്ത് 1962-ൽ ആർ. ശങ്കറിന്റെ കാലത്താണ് ആരംഭിച്ചത്. അന്ന് അതൊരു സ്വാശ്രയ കോളേജായിരുന്നു. പത്ത് കൊല്ലം കഴിഞ്ഞപ്പോൾ സ്വാശ്രയ കോളേജ് നടത്താൻ കഴിയാതെ വന്നപ്പോഴാണ് ടി.ഡി. മെഡിക്കൽ കോളേജ് ആയത്. നഷ്ടപരിഹാരം കൊടുത്ത് ഗവൺമെന്റ് അത് ഏറ്റെടുത്ത് നടത്തുകയാണ്. 42 വർഷക്കാലമായി ഇതിന്റെ ആശുപത്രി 10 കിലോമീറ്റർ അകലെയുള്ള ആലപ്പുഴ പട്ടണത്തിലാണ് പ്രവർത്തിക്കുന്നത്. ആലപ്പുഴ പട്ടണത്തിൽ ജില്ലാ ആശുപത്രിക്കുവേണ്ടി പണിത കെട്ടിടത്തിൽ 2000 പേരെ കിടത്തി ചികിത്സിക്കാം. വണ്ടാനത്ത് ഇപ്പോൾ രണ്ട് വലിയ കെട്ടിടങ്ങൾ പൂർത്തിയായിട്ടുണ്ട്. ആറര കോടി രൂപ മുടക്കിയ എ, ബി, ബോക്കുകളുടെ പണി പൂർത്തിയായി കഴിഞ്ഞു. അവിടെ കുട്ടികളുടെ വിഭാഗം (പീഡിയാട്രിക്സും പീഡിയാട്രിക് സർജറി വിഭാഗവും) തുടങ്ങാനുള്ള എല്ലാ സംവിധാനവും ആയിട്ടുണ്ട്. ബഹുമാനപ്പെട്ട പി. ശങ്കരൻ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് രണ്ട് പ്രാവശ്യം മെഡിക്കൽ കോളേജ് അങ്ങോട്ട് ഷിഫ്റ്റ് ചെയ്യുന്നതിനെക്കുറിച്ചുള്ള തീരുമാനമെടുക്കുകയും 60 ലക്ഷം രൂപ മുടക്കി അവിടെ ഇലക്ട്രിസിറ്റി കണക്ഷൻ, വാട്ടർ കണക്ഷൻ, ലിഫ്റ്റ്, ഫർണ്ണിച്ചർ തുടങ്ങിയ സൗകര്യങ്ങൾ എല്ലാം പൂർത്തിയാക്കുകയും ചെയ്തു. ഇനിയിപ്പോൾ അങ്ങോട്ട് മാറ്റുന്നതിന് യാതൊരു തടസ്സവും ഇല്ല. ഇത് മാറ്റാത്തതുകൊണ്ട് ജനങ്ങൾ സമരത്തിന് ഒരുങ്ങിക്കൊണ്ടിരിക്കുകയാണ് അതുകൊണ്ട് അടിയന്തിരമായി വണ്ടാനത്ത് പൂർത്തിയായ എ, ബി, ബ്ലോക്കുകളിലേയ്ക്ക് ആലപ്പുഴ നിന്നും മെഡിക്കൽ കോളേജ് ആശുപത്രിയുടെ പ്രവർത്തനങ്ങൾ സമയബന്ധിതമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ തന്നിട്ടുള്ള ചോദ്യത്തിനും മിനിസ്റ്റർ മറുപടി പറയണം.

ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, ഫിസിക്കൽ മെഡിസിൻ, സൈക്യാട്രി, ഡെർമറ്റോളജി ആന്റ് വെനിറോളജി, റേഡിയോ ഡയഗനോസീസ്, റേഡിയോ തെറാപ്പി എന്നീ വിഭാഗങ്ങളാണ് വണ്ടാനത്ത് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. നേരത്തെയുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഉത്തരവ് പ്രകാരം 87 കിടക്കകളോടുകൂടിയ പീഡിയാട്രിക് വിഭാഗവും 22 കിടക്കകളോടുകൂടിയ പീഡിയാട്രിക് സർജറി വിഭാഗവും വണ്ടാനത്തേയ്ക്ക് മാറ്റുന്നതിന് ഉത്തരവ് നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ എ. ബി. ബ്ലോക്കുകളുടെ ഒ. പി., ഐ. പി. വിഭാഗങ്ങൾ ഉൾപ്പെടെ പൂർണ്ണമായും പ്രവർത്തന സജ്ജമാവുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള തസ്തികകൾക്കു പുറമേ ആവശ്യമായ മറ്റു തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 47 പാരാ മെഡിക്കൽ തസ്തിക കൂടി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്. ഈ തസ്തികകൾ സൃഷ്ടിച്ച് പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിച്ചു കഴിഞ്ഞാൽ ഉടൻതന്നെ ഈ രണ്ട് വിഭാഗങ്ങൾ കൂടി വണ്ടാനത്തേയ്ക്ക് മാറ്റുന്നതാണ്. ഇതിനുള്ള നടപടികൾ എടുത്തു വരികയാണ്. രണ്ട് മാസത്തിനുള്ളിൽ ഈ വിഭാഗങ്ങൾ വണ്ടാനത്തേയ്ക്ക് മാറ്റാൻ സാധിക്കുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു.

(3) വടകരയിലെ മടപ്പള്ളി ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. സി. കെ. നാണു: സർ, 1958-ൽ ആരംഭിച്ച മടപ്പള്ളി ഗവൺമെന്റ് കോളേജ് ബ്രണ്ണൻ കോളേജ് കഴിഞ്ഞാൽ വടക്കൻ മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ്. ഈ വരുന്ന ആഗസ്റ്റ് മാസം ആദ്യവാരത്തിൽ യു.ജി.സി.-യുടെ നാഷണൽ അക്രഡിറ്റേഷൻ കൗൺസിൽ (നാക്ക്) കോളേജ് സന്ദർശിക്കുകയാണ്. ഒരു നല്ല സാമ്പത്തിക സഹകരണം അതോടുകൂടി കോളേജിന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ അവിടെയുള്ള സ്ഥിതിയെന്നു പറഞ്ഞാൽ അടിസ്ഥാന സൗകര്യങ്ങൾ മിക്കവാറും എല്ലാം തകർന്നിരിക്കുന്നു. കുടിവെള്ള പദ്ധതി തകരാറിലാണ്. ലാബുകളിൽ വെള്ളം ഇല്ലാത്തതുകൊണ്ട് പി.ടി.എ.-യുടെ ഫണ്ട് ഉപയോഗിച്ച് കുട്ടികളും നാട്ടുകാരും വെള്ളം ചുമന്ന് ലാബിൽ എത്തിക്കുന്ന ഒരവസ്ഥയാണ്. പൈപ്പുകൾ മുഴുവൻ പൊട്ടി തുരുമ്പ് എടുത്തിരിക്കുന്നു. വയറുകൾ പല ഭാഗത്തും പൊട്ടിപ്പൊളിഞ്ഞിരിക്കുന്നു. സി.ഡി.സി. ഫണ്ടിൽ 13 ലക്ഷം രൂപ ഉണ്ടായിരുന്നു. ആ 13 ലക്ഷം രൂപ ഗവൺമെന്റിന്റെ ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്. എം.എൽ.എ. ഫണ്ടിൽ നിന്നാണെങ്കിൽ ഒരു പ്രവൃത്തിക്കല്ലാതെ റിപ്പയറിംഗിനുവേണ്ടി നമുക്ക് ഒന്നും സാമ്പത്തികമായി സഹായിക്കാൻ സാധിക്കുകയില്ല. ആഗസ്റ്റ് ആദ്യത്തെ ആഴ്ച അവർ വരുമെന്നാണ് പറയുന്നത്. 1200-ഓളം കുട്ടികൾ അവിടെ പഠിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. മൂന്നു വർഷമായി പുതുതായി ഒരു പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സും അവിടത്തെ ഗവൺമെന്റ് കോളേജുകളിൽ അനുവദിച്ചിട്ടില്ല. അദ്ധ്യാപകരുടെ പോരായ്മക്കിടയിലും നല്ല റിസൾട്ട് വരുന്നു. നല്ല മാർക്കോടുകൂടി കുട്ടികൾ പാസ്സാകുന്നു. ബുദ്ധിമുട്ടുകൾ അടിയന്തിരമായി പരിഹരിക്കാൻ സി.ഡി.സി. ഫണ്ടിൽ നിന്നും 13 ലക്ഷം രൂപ സർക്കാർ എടുത്തത് അടിയന്തിരമായി തിരിച്ചു നൽകി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനാവശ്യമായ നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly